പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1411 | 03.10.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

**മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള പദ്ധതികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി.വീണാ ജോർജ്ജ്**<br>**ശ്രീ.പി. ഉണ്ണി**<br>**,, കെ.കുഞ്ഞിരാമൻ**<br>**,, റ്റി.വി.രാജേഷ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി എന്തെല്ലാം പദ്ധതികളാണ് നിലവിൽ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | എ | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി സമഗ്ര മാനസികാരോഗ്യ പദ്ധതി, ജില്ലാ മാനസികാരോഗ്യ പദ്ധതി (ഡി.എം.എച്ച്.പി) സാമൂഹ്യ മാനസികാരോഗ്യ പദ്ധതി (സി.എം.എച്ച്.പി) മാനസികാരോഗ്യ കേന്ദ്രങ്ങൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ സർക്കാർ മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ സൈക്യാട്രി യൂണിറ്റുകൾ,എന്നിവ നടത്തിവരുന്നു.സമഗ്ര മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി എല്ലാജില്ലകളിലും മാനസികരോഗം ഭേദമായവരുടെ പകൽസമയപരിചരണത്തിനായി പകൽവീടുകൾ അനുവദിച്ചിട്ടുണ്ട്.<br><br>ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനായി പ്രത്യേക സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പരിചരണാർത്ഥം സർക്കാരിന്റെ സാമ്പത്തിക സഹായത്തോടു കൂടി ഷൊർണ്ണൂർ ആസ്ഥാനമായി *ഐക്കോൺസ്* എന്ന സ്ഥാപനവും തിരുവനന്തപുരം പാങ്ങപ്പാറയിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് എന്ന |

| | | | |
|---|---|---|---|
| | | | സ്ഥാപനവും, തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിൽ ഒരു ചൈൽഡ് ഡെവലപ്മെന്റ് സെന്ററും പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>മനോവൈകല്യം മൂലം അവശതയനുഭവിക്കുന്നവരിലെ ദുർബല വിഭാഗക്കാർക്ക് വേണ്ടി "പേഴ്സൺ വിത്ത് ഡിസ്എബിലിറ്റി ആക്ട്-1995"-ലെ വ്യവസ്ഥകൾക്ക് വിധേയമായി സാമൂഹ്യ നീതി വകുപ്പ് വഴി ക്ഷേമ പെൻഷൻ നടപ്പിലാക്കിയിട്ടുണ്ട്.<br><br>സ്വന്തമായി വീടോ, സംരക്ഷകരോ ഇല്ലാത്തവരുടെ സംരക്ഷണാർത്ഥം തിരുവനന്തപുരം ജില്ലയിൽ നെല്ലനാട് ഗ്രാമപഞ്ചായത്തിൽ പുരുഷൻമാർക്ക് വേണ്ടി ഒരു കെയർഹോമും തച്ചോട്ട്കാവ് "അഭയ"യിൽ സ്ത്രീകൾക്കുവേണ്ടി ഒരു കെയർഹോമും പ്രവർത്തിച്ചു വരുന്നു. ഒരു പൈലറ്റ് പ്രോജക്ട് എന്ന രീതിയിലാണ് ഈ പ്രോഗ്രാം നടപ്പിലാക്കിയിട്ടുള്ളത്.<br><br>സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള ആശാ ഭവനുകളിലും മനോവൈകല്യമുള്ള നിർദ്ധനരും നിരാലംബരുമായ ആളുകൾക്ക് പരിരക്ഷ നൽകി വരുന്നു. |
| ബി) | ഇവയ്ക്ക് പുറമേ പ്രസ്തുത വിഭാഗക്കാർക്കായി എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) | സ്കൂൾതലത്തിലെ കുട്ടികൾക്ക് പഠനവൈകല്യം മാനസികരോഗം എന്നിവ കണ്ടുപിടിക്കുന്നതിനുള്ള സ്കൂൾമെന്റൽ ഹെൽത്ത്പ്രോഗ്രാം ഈ വർഷം എല്ലാജില്ലയിലും നടപ്പിലാക്കുന്നകാര്യം പരിഗണനയിലാണ്. നിലവിൽ തിരുവനന്തപുരം ജില്ലയിൽമാത്രമാണ് ഇത് നടപ്പിലാക്കിയിട്ടുള്ളത്. മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസ സൗകര്യം വിപുലീകരിക്കുന്നതിനുള്ള നടപ |

| | | | |
|---|---|---|---|
| | | | ടികൾ സ്വീകരിച്ചുവരുന്നു.<br>മാനസികാരോഗ്യ കേന്ദ്രങ്ങളിലുള്ള അന്യസംസ്ഥാനക്കാരായ മനോരോഗികളെ അവരുടെ സംസ്ഥാനത്ത് തന്നെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ജില്ലാ/ജനറൽ ആശുപത്രികളിലെ മാനസികാരോഗ്യ വിഭാഗങ്ങളിലെ സൗകര്യം മെച്ചപ്പെടുത്തുന്നതിനും മനോരോഗ ചികിത്സകരുടെ ലഭ്യതയ്ക്ക് അനുസൃതമായി എല്ലാ താലൂക്ക് ആശുപത്രികളിലും മനോരോഗ ചികിത്സാ സൗകര്യം ലഭ്യമാക്കുവാനും ഉദ്ദേശിക്കുന്നു. ജില്ലാ/സാമൂഹ്യ മാനസികാരോഗ്യ പരിപാടി കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. |
| സി) | ഇവർക്ക് സൗജന്യ ചികിത്സയും ആവശ്യമരുന്നുകളും മുടക്കമില്ലാതെ ലഭിയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | സി) | സൗജന്യ ചികിത്സയും അവശ്യമരുന്നുകളും മുടക്കമില്ലാതെ ലഭിയ്ക്കുന്നതിനായി എല്ലാജില്ലകളിലും തെരഞ്ഞെടുത്ത സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും നിശ്ചിതദിവസങ്ങളിൽ എല്ലാ മാസവും ഡോക്ടർമാർ ഉൾപ്പെട്ട സംഘം എത്തി മാനസികരോഗികളെ പരിശോധിക്കുകയും അവർക്ക് ആവശ്യമായ മരുന്നുകൾ നൽകുകയും ചെയ്യുന്നു. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന അവശ്യ മരുന്നുകൾ മുടക്കമില്ലാതെ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ